# ഇസ്‌ലാമും ഇതര മതങ്ങളും

ലോകത്ത് ഒട്ടേറെ മതങ്ങളുണ്ട്. പലതിന്റെയും യഥാർഥ അധ്യാപനങ്ങൾ എന്തായിരുന്നു എന്ന് മനസ്സിലാക്കാൻ പോലും ഇപ്പോൾ മാർഗമില്ല. ഉദാഹരണത്തിന് ഗൗതമബുദ്ധൻ പ്രബോധനം ചെയ്ത ബുദ്ധമതം ആസ്തികമാണോ നാസ്തികമാണോ എന്ന തർക്കം ഇപ്പോഴും നിലനില്ക്കുന്നു. അതെന്തായാലും താൻ ദൈവമാണെന്ന് ബുദ്ധൻ അവകാശപ്പെട്ടിരുന്നില്ല. പക്ഷേ, ഇന്നത്തെ ബുദ്ധമതക്കാർ ഗൗതമബുദ്ധനെ ഭഗവാൻ-ദൈവം-ആയി ആരാധിക്കുന്നവരാണ്. ഹിന്ദുമതത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ വേദങ്ങളാണെങ്കിലും ആധുനിക ഹിന്ദുത്വവും വേദങ്ങളും തമ്മിലുള്ള ബന്ധം ഖണ്ഡിതമായി നിർണയിക്കുക സാധ്യമല്ല. വേദങ്ങൾ ആരിലൂടെ, എന്ന് അവതീർണമായി എന്നതും അജ്ഞാതമാണ്.

മോശെ പ്രവാചകന്ന് നല്കപ്പെട്ട *തൗറാത്* എന്ന വേദത്തിന്റെ യഥാർഥ രൂപവും ഇന്ന് അജ്ഞാതമാണ്. ജൂതന്മാരുടെ കൈവശമുള്ള വേദഗ്രന്ഥം *തോറാ* മോശെക്ക് നല്കപ്പെട്ട വേദമാണെന്നതിന് യാതൊരു തെളിവുമില്ല.

ജൂതമതത്തെ പൗരോഹിത്യത്തിന്റെയും ഭൗതിക പ്രമത്തതയുടെയും മാലിന്യങ്ങളിൽനിന്നു ശുദ്ധീകരിക്കാൻ ആഗതനായ യേശു (ഈസാനബി)വിന്റെ സന്ദേശങ്ങളെയും പില്ക്കാല അനുയായികൾ മാറ്റിമറിച്ചു. പ്രപഞ്ചത്തിന് ഒരേയൊരു ദൈവമേയുള്ളൂവെന്നും അവനല്ലാത്തവരൊക്കെ അവന്റെ സൃഷ്ടികളും ദാസന്മാരും മാത്രമാണെന്നും പഠിപ്പിക്കുന്നതിനുവേണ്ടി ആഗതനായ യേശുതന്നെ പിന്നീട് ദൈവപുത്രനും ദൈവവുമായി ആരോപിക്കപ്പെട്ടു. അദ്ദേഹവും ഒരു വിഗ്രഹമായിത്തീർന്നു.

എന്നാൽ മുഹമ്മദ്നബി പ്രബോധനം ചെയ്ത 'ലാ ഇലാഹ ഇല്ലല്ലാ' ഇന്നും ഇസ്‌ലാം മതത്തിന്റെ കേന്ദ്ര ആദർശമായി നിലനില്ക്കുന്നു. ഇന്നും പ്രവാചകൻ-ദൈവദൂതൻ-ആയിത്തന്നെയാണ് അദ്ദേഹം അറിയപ്പെടുന്നത്. ഇന്നോളം അദ്ദേഹം ദൈവത്തിന്റെ പുത്രനോ സഹോദരനോ ആയിട്ടില്ല. ദൈവത്തിന്റെയോ മുഹമ്മദ്നബിയുടെയോ വിഗ്രഹമിരിക്കട്ടെ, ഒരു പടംപോലും ലോകത്തെങ്ങുമില്ല. തന്റെ പ്രബോധനങ്ങളിലൂടെയും ജീവിത ചരിത്രത്തിലൂടെയും മാത്രമാണ് 1500 വർഷമായി മുഹമ്മദ് നബി മുസ്‌ലിം ഹൃദയങ്ങളിൽ ജീവിച്ചുകൊണ്ടിരിക്കുന്നത്. പടവും പ്രതിമയും ഇല്ലെങ്കിലും മുഹമ്മദ്നബി എങ്ങനെ സംസാരിച്ചു, എങ്ങനെ നടന്നു, എങ്ങനെ ഇരുന്നു, എങ്ങനെ ഭക്ഷണം കഴിച്ചു, എങ്ങനെ ദൈവത്തെ ആരാധിച്ചു, എങ്ങനെ ഉറങ്ങി എന്നെല്ലാം ഓരോ മുസ്‌ലിമിന്നും അറിയാം. ജീവിതത്തിന്റെ സകല അനക്കത്തിലും അടക്കത്തിലും മുഹമ്മദ്നബിയോടു താദാത്മ്യം പ്രാപിക്കാനുള്ള ശ്രമമാണ് ഇസ്‌ലാമിക ജീവിതം. മുഹമ്മദ്നബിയുടെ മുഖസൗന്ദര്യവും ശരീര വടിവുകളും പ്രത്യക്ഷമാക്കുന്ന വിഗ്രഹങ്ങളുണ്ടായിരുന്നുവെങ്കിൽ, സംശയമില്ല, ആ പ്രതിമകളാകുമായിരുന്നു ഇസ്‌ലാം- ഹിന്ദു മതവും ക്രിസ്തുമതവും ബുദ്ധമതവുമൊക്കെ ആയതുപോലെ. മനുഷ്യരിൽനിന്ന് ദൈവം തന്റെ ദൂതനായി തെരഞ്ഞെടുത്ത ഒരാൾ, വിശുദ്ധ വെളിപാടുകൾ ഏറ്റുവാങ്ങുവാനും സഹജീവികൾക്ക് എത്തിച്ചുകൊടുക്കുവാനും നിയുക്തനായ ഒരു മനുഷ്യൻ എന്നതിൽ കവിഞ്ഞ ഒന്നും അദ്ദേഹം അവകാശപ്പെട്ടിരുന്നില്ല. മുഹമ്മദ്നബിയിലൂടെ ദൈവം മനുഷ്യർക്ക് നല്കിയ സന്ദേശം-ഖുർആൻ- അദ്ദേഹത്തിന്റെ കാലത്തുതന്നെ ക്രോഡീകരിക്കപ്പെടുകയുണ്ടായി. അന്നുമുതൽ ഇന്നുവരെയും യാതൊരു വ്യത്യാസവും കൂടാതെ അത് നിലനില്ക്കുകയും ചെയ്യുന്നു. പില്ക്കാലക്കാരുടെ യാതൊരു കൈകടത്തലുകൾക്കും അത് വിധേയമായിട്ടില്ല. അതുകൊണ്ടുതന്നെ മറ്റു മതങ്ങളിൽനിന്ന് ഭിന്നമായി ഇസ്‌ലാമിന്റെ സന്ദേശം, അതിന്റെ ആദിമ വിശുദ്ധിയോടെ ഇന്നും നിലനില്ക്കുകയും ചെയ്യുന്നു.

ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങളെ ഏറ്റവും സംഗ്രഹിച്ചു പറയാറുള്ളത് മൂന്നായിട്ടാണ്: തൗഹീദ് (ഏകദൈവ വിശ്വാസം), രിസാലത് (പ്രവാചകത്വം), ആഖിറത് (പരലോകവിശ്വാസം) എന്നിവയാണവ. ദൈവവിശ്വാസം (ഈമാൻ ബില്ലാ), സൽക്കർമം (അമലുസ്സ്വാലിഹ്), അന്ത്യവിചാരണ (ഹിസാബ്) എന്നിങ്ങനെയും ഈ തത്ത്വങ്ങളെ വ്യവഹരിക്കാവുന്നതാണ്. മനുഷ്യൻ എവിടെനിന്നു വരുന്നു, എന്തിനു വരുന്നു, എങ്ങോട്ടു പോകുന്നു എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങളാണ് യഥാക്രമം തൗഹീദും രിസാലതും ആഖിറതും. തൗഹീദ് സൃഷ്ടിയുടെ നിമിത്തത്തെയും രിസാലത് മനുഷ്യധർമത്തെയും ആഖിറത് അതിന്റെ പരിണതിയെയും പ്രതിനിധീകരിക്കുന്നു. ഈ മൂന്നു തത്ത്വങ്ങളോടും അഭേദ്യമായി ബന്ധപ്പെട്ടതാണ് ഇസ്‌ലാം മതത്തിലെ മറ്റെല്ലാ വിശ്വാസങ്ങളും കർമങ്ങളും.

ഇവയെ വികസിപ്പിച്ച് 11 അടിസ്ഥാന പ്രമാണങ്ങളായും എണ്ണിവരാറുണ്ട്. അവയിൽ ആറെണ്ണം വിശ്വാസപരവും അഞ്ചെണ്ണം കർമപരവുമാണ്. വിശ്വാസ പ്രമാണങ്ങളെ ഈമാൻ കാര്യങ്ങളെന്നും കർമ പ്രമാണങ്ങളെ ഇസ്‌ലാം കാര്യങ്ങളെന്നും പറയുന്നു.